"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - നിയമ വകുപ്പിലെ അണ്ടർ സെക്രട്ടറി തലം മുതൽ ജോയിന്റ് സെക്രട്ടറി തലം വരെയുള്ള ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം / സ്ഥലംമാറ്റം / നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ.ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.262/2025/GAD തീയതി,തിരുവനന്തപുരം, 21-01-2025

---

പരാമർശം:- 1. 16.12.2024 - ലെ No. 561/SC1/2024/GA(SC) നമ്പർ വിജ്ഞാപനം.

2. 28.05.2024 - ലെ 81/SC1/2024/GA(SC) നമ്പർ വിജ്ഞാപനം.

3. 17.12.2024 - ലെ SS3/111/2024/GAD നമ്പർ വിജ്ഞാപനം

4. സ.ഉ. (സാധാ) നം. 4555/2024/പൊഭവ തീയതി 15.10.2024.

**ഉത്തരവ്**

നിയമ വകുപ്പിലെ അണ്ടർ സെക്രട്ടറി തലം മുതൽ ജോയിന്റ് സെക്രട്ടറി തലം വരെയുള്ള ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റവും സ്ഥലംമാറ്റവും നിയമനവും ചുവടെ സൂചിപ്പിക്കും പ്രകാരം ഉടൻ പ്രാബല്യത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**118100-163400 രൂപ ശമ്പള സ്കെയിലിലുള്ള ജോയിന്റ് സെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം / സ്ഥലംമാറ്റം / നിയമനം**

**1.** സീനിയർ മോസ്റ്റ് ഡെപ്യൂട്ടി സെക്രട്ടറിയായ ശ്രീമതി. അജിതകുമാരി വി. ആർ. - ന് (പെൻ: 134528), ശ്രീ. രാജീവ് എസ്. - ന് അഡീഷണൽ നിയമ സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകിയിതിനെ തുടർന്നുണ്ടായ ഒഴിവിൽ, ജോയിന്റ് സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെ തുടർന്ന് ശ്രീമതി. അജിതകുമാരി വി. ആർ. - നെ കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി എറണാകുളം ഹെഡ്ക്വാർട്ടേഴ്സിൽ ജോയിന്റ് സെക്രട്ടറിയായി, നിലവിലെ ഒഴിവിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നു.

**2.** ഡെപ്യൂട്ടി സെക്രട്ടറിയായ ശ്രീ. ഗിരീഷ് കുമാർ ജി (പെൻ: 134568) - ക്ക്, ശ്രീമതി ലതാ ദേവി എൻ.പി - യ്ക്ക് അഡീഷണൽ നിയമ സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകിയതിനെ തുടർന്നുണ്ടായ ഒഴിവിൽ, ജോയിന്റ് സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെ തുടർന്ന് ശ്രീ. ഗിരീഷ് കുമാർ ജി - യെ, ശ്രീ. മുഹമ്മദ് കുഞ്ഞി കെ. ജോയിന്റ് സെക്രട്ടറിയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിനെ തുടർന്നുണ്ടാകുന്ന ഒഴിവിൽ നിയമ

(നിയമനിർമ്മാണ - എ.ബി.സി) വകുപ്പുകളുടെ ജോയിന്റ് സെക്രട്ടറിയായി ഒഴിവിൽ നിയമിക്കുന്നു.

3. ഡെപ്യൂട്ടി സെക്രട്ടറിയായ ശ്രീ. ബൈജു ആർ എച്ച് - ന് (പെൻ: 102265), ശ്രീ.അനിൽ കുമാർ പി, ജോയിന്റ് സെക്രട്ടറിയ്ക്ക് പേഴ്സണൽ അപ്ഗ്രഡേഷനിൽ ആലപ്പുഴ ജില്ലാ കളക്ടേറ്റിൽ ജില്ലാ ലാ ഓഫീസറായി നിയമിക്കുന്നതിനെ തുടർന്നുണ്ടാകുന്ന ഒഴിവിൽ, ജോയിന്റ് സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെ തുടർന്ന് ശ്രീ. ബൈജു ആർ. എച്ച് - നെ, ശ്രീ. അനിൽ കുമാർ പി, ജോയിന്റ് സെക്രട്ടറിയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിനെ തുടർന്നുണ്ടാകുന്ന ഒഴിവിൽ, നിയമ (സ്യൂട്ട് III) വകുപ്പിന്റെ ജോയിന്റ് സെക്രട്ടറിയായി നിയമിക്കുന്നു.

**<u>സ്ഥലംമാറ്റം</u>**

1. നിയമ (സ്യൂട്ട്-III) വകുപ്പിന്റെ ജോയിന്റ് സെക്രട്ടറിയായ ശ്രീ.അനിൽ കുമാർ പി. (പെൻ: 176632) - യെ ശ്രീ ചന്ദ്രപ്രസാദ് കെ.കെ. - ക്ക് സ്ഥലംമാറ്റം നൽകുന്ന ഒഴിവിൽ പേഴ്സണൽ അപ്ഗ്രഡേഷൻ നൽകി ആലപ്പുഴ ജില്ലാ കളക്ടേറ്റിൽ ജില്ലാ നിയമ ഓഫീസറുടെ തസ്തികയിൽ നിയമിക്കുന്നു.
2. നിയമ (നിയമ നിർമ്മാണ എ, ബി, സി) വകുപ്പുകളുടെ ജോയിന്റ് സെക്രട്ടറിയായ ശ്രീ. മുഹമ്മദ് കുഞ്ഞി കെ. (പെൻ: 152235) - യ്ക്ക് സ്ഥലംമാറ്റം നൽകി പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ ലീഗൽ അഡ്വൈസറായി, നിലവിലെ ഒഴിവിൽ നിയമിക്കുന്നു.

**<u>107800-160000 രൂപ ശമ്പള സ്കെയിലിലുള്ള ഡെപ്യൂട്ടി സെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം / സ്ഥലംമാറ്റം / നിയമനം</u>**

സീനിയർ മോസ്റ്റ് അണ്ടർ സെക്രട്ടറിയായ ശ്രീമതി. ചിത്ര പി. എം. - ന് (പെൻ: 630782), ശ്രീ. അജിതകുമാരി വി. ആർ. - ന് സ്ഥാനക്കയറ്റം നൽകുന്നതിനെ തുടർന്നുണ്ടായ ഒഴിവിൽ, ഡെപ്യൂട്ടി സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെ തുടർന്ന് ശ്രീമതി. ചിത്ര പി. എം. - നെ, ശ്രീ. ഗിരീഷ് കുമാർ ജി - ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനെത്തുടർന്നുണ്ടാകുന്ന ഒഴിവിൽ, നിയമ (നിയമനിർമ്മാണ എച്ച് & ഐ, പാർലമെന്റ്) വകുപ്പുകളുടെ ഡെപ്യൂട്ടി സെക്രട്ടറിയായി നിയമിക്കുന്നു.

**<u>സ്ഥലംമാറ്റം</u>**

1. ഡെപ്യൂട്ടി സെക്രട്ടറിയും ആലപ്പുഴ ജില്ലാ കളക്ടേറ്റിൽ ജില്ലാ ലാ ഓഫീസറുമായ ശ്രീ ചന്ദ്രപ്രസാദ് കെ. കെ. (പെൻ: 123636) - ക്ക് സ്ഥലംമാറ്റം നൽകി, ശ്രീമതി അജിതകുമാരി വി. ആർ. - ന് സ്ഥാനക്കയറ്റം നൽകിയതിനെ തുടർന്നുണ്ടാകുന്ന ഒഴിവിൽ, പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയിൽ ലാ ഓഫീസറായി അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നു.
2. ഡെപ്യൂട്ടി സെക്രട്ടറിയും കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ലാ ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനം അനുഷ്ഠിച്ചു വന്നിരുന്നതും അന്യത്രസേവന

കാലാവധി പൂർത്തിയായതിനെ തുടർന്ന് 13.12.2024 അപരാഹ്നം പ്രാബല്യത്തിൽ തിരികെ പ്രവേശിച്ച ശ്രീ. മനോജ് എം. പി (പെൻ: 401329) - യെ, ശ്രീ. കൃഷ്ണൻ കുട്ടി ഇ. ബി. - യെ സ്ഥലംമാറ്റുന്ന ഒഴിവിൽ, ആരോഗ്യ വകുപ്പ് ഡയറക്ടേറ്റിൽ ലാ ഓഫീസറായി നിയമിക്കുന്നു.

3. ഡെപ്യൂട്ടി സെക്രട്ടറിയും ആരോഗ്യ വകുപ്പ് ഡയറക്ടേറ്റിൽ ലാ ഓഫീസറുമായ ശ്രീ. കൃഷ്ണൻ കുട്ടി ഇ. ബി. (പെൻ: 377847) - ക്ക് സ്ഥലംമാറ്റം നൽകി, ശ്രീ. ബൈജു ആർ. എച്ച്. - ന് സ്ഥാനക്കയറ്റം നൽകുന്ന ഒഴിവിൽ, നിയമ (യൂണിഫൈഡ് സ്പെഷ്യൽ സെൽ) വകുപ്പിൽ ഡെപ്യൂട്ടി സെക്രട്ടറിയായി നിയമിക്കുന്നു.

<u>63700-123700 രൂപ ശമ്പള സ്കെയിലിലുള്ള അണ്ടർ സെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം / സ്ഥലംമാറ്റം / നിയമനം</u>

സീനിയർ മോസ്റ്റ് സെക്ഷൻ ഓഫീസറായ ശ്രീമതി. ഭാവന എസ്. ഭാസി. (പെൻ: 379249) - യ്ക്ക്, ശ്രീമതി. ചിത്ര പി. എം - ന് സ്ഥാനക്കയറ്റം നൽകുന്നതുമൂലമുണ്ടാകുന്ന ഒഴിവിൽ, അണ്ടർ സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെ തുടർന്ന് ശ്രീമതി ഭാവന എസ്. ഭാസി - യെ, ശ്രീ. സുരേഷ് കുമാർ എസ് - ന് സ്ഥലംമാറ്റം നൽകുന്നതുമൂലമുണ്ടാകുന്ന ഒഴിവിൽ, സർവ്വേയും ഭൂരേഖയും വകുപ്പ് ഡയറക്ടേറ്റിൽ ലാ ഓഫീസറായി നിയമിക്കുന്നു.

<u>സ്ഥലംമാറ്റം</u>

1. അണ്ടർ സെക്രട്ടറിയും സർവ്വേയും ഭൂരേഖയും വകുപ്പ് ഡയറക്ടേറ്റിൽ ലാ ഓഫീസറുമായ ശ്രീ. സുരേഷ് കുമാർ എസ്. - ന് (പെൻ: 672575) സ്ഥലംമാറ്റം നൽകി, ശ്രീമതി രേഖ എസ്. - ന് സ്ഥലംമാറ്റം നൽകുന്ന ഒഴിവിൽ, ഗവൺമെന്റ് പ്രസ്സിൽ ലാ ഓഫീസറായി നിയമിക്കുന്നു.
2. അണ്ടർ സെക്രട്ടറിയും കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷനിൽ അണ്ടർ സെക്രട്ടറിയുമായ ശ്രീ. കിരൺ ശങ്കർ (പെൻ: 698072) - ന് സ്ഥലംമാറ്റം നൽകി, ലോട്ടറി ഡയറക്ടേറ്റിൽ ലാ ഓഫീസറായി അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നു.
3. അണ്ടർ സെക്രട്ടറിയും ഗവൺമെന്റ് പ്രസ്സിൽ ലാ ഓഫീസറുമായ ശ്രീമതി. രേഖ എസ് (പെൻ: 698419) - ന് സ്ഥലംമാറ്റം നൽകി, ശ്രീ. കിരൺ ശങ്കർ - ന് സ്ഥലംമാറ്റം നൽകുന്ന ഒഴിവിൽ, കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷനിൽ അണ്ടർ സെക്രട്ടറിയായി നിയമിക്കുന്നു.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആർ.റ്റി.സി പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പിൽ ഹാജരാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (നിയമ വകുപ്പ് മുഖേന)
നിയമ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

ചെയർമാൻ, കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി, എറണാകുളം.

ജില്ലാ കളക്ടർ, ആലപ്പുഴ

സ്റ്റേറ്റ് പോലീസ് ചീഫ്, പോലീസ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം

ചെയർമാൻ, പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി, തിരുവനന്തപുരം

ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടേറ്റ്, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, സർവ്വേയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ഗവൺമെന്റ് പ്രസ്സ്, തിരുവനന്തപുരം

ചെയർമാൻ, കേരള ഔദ്യോഗിക ഭാഷാ നിയമ നിർമ്മാണ കമ്മീഷൻ, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 21-01-2025 15:48:15
സെക്ഷൻ ഓഫീസർ

പകർപ്പ് :

ബഹു. മുഖ്യമന്ത്രിയുടെ പി.എസ് - ന്

ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിയുടെ പി.എസ് - ന്

പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ — യ്ക്ക്

നിയമ വകുപ്പ് സെക്രട്ടറിയുടെ പി.എ -യ്ക്ക്